പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 4854 21/10/2011 ൽ മറുപടിയ്ക്ക്

## നേമം നിയോജക മണ്ഡലത്തിലെ പദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീ. വി. ശിവൻകുട്ടി : ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിലൂടെ നേമം നിയോജക മണ്ഡലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് ഏതെങ്കിലും പദ്ധതികളോ പരിപാടികളോ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും. നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ICDS പ്രോജക്ട് ഓഫീസുകളിലും ഇതര ഓഫീസുകളിലും ക്ഷേമ സ്ഥാപനങ്ങളിലും 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിപ്രകാരം ശയ്യാവലംബരായവരെ പരിചരിക്കുന്ന വർക്ക് നൽകിവരുന്ന ധനസഹായം നേമം മണ്ഡലത്തിലുള്ളവർക്കും അനുവദിക്കുകയുണ്ടായിട്ടുണ്ട് . 65 വയസ്സിനുമുകളിൽ പ്രായമുള്ള വയോജന ങ്ങൾക്ക് ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്ന വയോമിത്രം പദ്ധതിയുടെ പ്രയോജനം മണ്ഡലത്തിലെ കോർപ്പറേഷൻ പ്രദേശത്തുള്ളവർക്ക് നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) പ്രസ്തുത പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചത് ; | (സി)ആശ്വാസകിരണം പദ്ധതിക്ക് 45180 രൂപ ചെലവഴിച്ചു. വയോമിത്രം പദ്ധതിയുടെ നേമം മണ്ഡലത്തിനു മാത്രമായുള്ള കണക്ക് ലഭ്യമല്ല |
| (ഡി) മുൻ സർക്കാർ തുടങ്ങിവച്ച എത്ര | (ഡി) ആശ്വാസകിരണം, വയോമിത്രം |

| | |
|---|---|
| പദ്ധതികളാണ് ഈ സർക്കാർ നേമം നിയോജക മണ്ഡലത്തിൽ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സാമൂഹ്യക്ഷേമ വകുപ്പിൽ പൂർത്തിയാക്കിയത്? | എന്നീ പദ്ധതികൾ തുടർ പദ്ധതികളാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ